# Official Spokesperson's response to queries regarding the visit of Prime Minister to Bangladesh

March 09, 2020

---

## പ്രധാനമന്ത്രിയുടെ ബംഗ്ലാദേശ് സന്ദർശനത്തെ തുടർന്നുള്ള അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ മറുപടി

**മാർച്ച്** 09, 2020

പ്രധാനമന്ത്രിയുടെ ബംഗ്ലാദേശ് സന്ദർശനത്തെത്തുടർന്നുള്ള അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവ് ശ്രീ രവീഷ് കുമാറിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു.:

"ബംഗ്ലാദേശിൽ കൊറോണ വൈറസ് കേസുകൾ കണ്ടെത്തിയതിനെത്തുടർന്നും ഇത് സംബന്ധിച്ച ആഗോള പൊതുജനാരോഗ്യ സാഹചര്യം കണക്കിലെടുത്തും ബംഗ്ലാദേശ് പിതാവ് ബംഗബന്ധു ശൈഖ് മുജിബുർ റഹ്മാന്റെ ജന്മശതാബ്ദി ആഘോഷിക്കുന്നതിനായി സംഘടിപ്പിക്കുന്ന പൊതുപരിപാടികൾ മാറ്റിവയ്ക്കാൻ തീരുമാനമെടുത്തതായി ബംഗ്ലാദേശ് സർക്കാരിൽ നിന്ന് ഞങ്ങൾക്ക് ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഇന്ത്യൻ പ്രധാനമന്ത്രി കൂടി ക്ഷണിക്കപ്പെട്ടിരുന്ന, മാർച്ച് 17 നു നടത്താനിരുന്ന പൊതുസമ്മേളനങ്ങൾക്കെല്ലാം മാറ്റിവയ്ക്കുന്നതിനുള്ള ഈ നടപടി ബാധകമാണ്.

ഈ പരിപാടിയുടെ പുതുക്കിയ തിയ്യതികൾ അറിയിക്കുന്നതാണെന്നും ബംഗ്ലാദേശ് ഭരണകൂടം അറിയിച്ചിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ, ബംഗ്ലാദേശ പ്രധാനമന്ത്രിയുടെ ക്ഷണം സ്വീകരിച്ചു അടുത്തയാഴ്ച തീരുമാനിച്ചിരുന്ന പ്രധാനമന്ത്രിയുടെ ബംഗ്ലാദേശ് സന്ദർശനം മാറ്റിവച്ചിരുന്നു. ഇത്തരം മാറ്റിവയ്ക്കൽ നടപടിയുടെ ആവശ്യകതകൾ മനസ്സിലാക്കിക്കൊണ്ട്, അയൽ പ്രവിശ്യകളിലേക്ക് രോഗവ്യാപനം തടയുന്നതിനായി ഇന്ത്യ ബംഗ്ലാദേശുമായി സഹകരിച്ചു പ്രവർത്തിക്കുന്നതായിരിക്കും."

ന്യൂ ഡൽഹി
09 മാർച്ച്, 2020

**DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**